**SAMAGRA SHIKSHA - KERALA**

912

# രണ്ടാം പാദവാർഷിക മൂല്യനിർണയം-2018

## അടിസ്ഥാനപാഠാവലി

സ്റ്റാന്റേർഡ് IX

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

---

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദ്ദേശങ്ങൾ ശ്രദ്ധയോടെ വായിച്ചുമനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം

---

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**

**(4x1=4)**

1. "പള്ളിക്കൂടത്തിലെ തോട്ടക്കാരൻ തന്നോ-
ടല്ലയോ നീയിതിൻ കമ്പു നേടീ?"
ഈ പ്രതികരണത്തിൽ തെളിയുന്ന ഭാവം എന്ത്?
   - പരിഹാസം
   - അസൂയ
   - പ്രോത്സാഹനം
   - ജിജ്ഞാസ

2. "ആ ഉമ്മക്കുട്ടി മഞ്ഞുനനഞ്ഞ വള്ളിക്കുടിലിൽ <u>വെയിൽനാളം</u> തട്ടുന്നതുപോലെ ഒന്നു തെളിഞ്ഞു."-അടിവരയിട്ട പദത്തിന്റെ വിഗ്രഹരൂപം എഴുതുക.?
   - വെയിലും നാളവും
   - നാളം പോലുള്ള വെയിൽ
   - വെയിലിന്റെ നാളം
   - വെയിലാകുന്ന നാളം

3. "രണ്ടുപേർക്കും ചായമതിയെന്ന് കേശവൻനായർ പറഞ്ഞു. രണ്ടുപേർക്കും ദേഷ്യം വന്നു."
ഇരുവർക്കും ദേഷ്യം വരാനുള്ള കാരണം എന്ത്?
   - ഇരുവരും ചായയോ കാപ്പിയോ ഇഷ്ടപ്പെട്ടിരുന്നില്ല
   - കേശവൻനായരുടെ നിർദേശം സാറാമ്മയോ സാറാമ്മയുടെ നിർദേശം കേശവൻനായരോ അംഗീകരിച്ചിരുന്നില്ല.
   - ചായ വേണ്ടയാൾക്ക് കാപ്പിയും കാപ്പി വേണ്ടയാൾക്ക് ചായയുമാണ് കിട്ടിയത്.
   - ലഭിച്ച ചായയ്ക്കും കാപ്പിക്കും രുചിയില്ലാത്തതുകൊണ്ട്.

4. "ചുമ്മാ കളിച്ചോണ്ടിരുന്ന കൊച്ച് -ഒള്ള ബഹളങ്ങളൊക്കെയൊണ്ടാക്കി അതിനെ കരേപ്പിച്ചു."

ശങ്കരൻകുട്ടിയുടെ പ്രവൃത്തിയെ അലക്കുകാരി വിലയിരുത്തുന്നതിങ്ങനെയാണ്. ഈ സന്ദർഭത്തിനുയോജിച്ച ചൊല്ല് കണ്ടെത്തുക.

- കാക്കയ്ക്ക് തൻകുഞ്ഞ് പൊൻകുഞ്ഞ്
- വടികൊടുത്ത് അടിവാങ്ങുക
- ഇരുന്നിട്ടേ കാൽ നീട്ടാവൂ
- പിടിച്ചതുമില്ല കടിച്ചതുമില്ല

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.**

**(4x2=8)**

5. 'ഞാൻ ഒരിറക്ക് ഉമിനീർ വിഴുങ്ങി'
'ശാന്തമ്മ കട്ടിളപ്പടിയിൽ ചാരിനിന്ന് വിരഹം വിഴുങ്ങി'

'വിഴുങ്ങി' എന്ന പദത്തിന് രണ്ടുസന്ദർഭത്തിലും ലഭിക്കുന്ന അർഥം താരതമ്യം ചെയ്യുക.

6. "തൂമലർ മൊട്ടുപോൽ പിന്നെയും നിൻപ്രിയ
സാമൺ തുടിച്ചുവിടർന്നു കളിപ്പുപോൽ"

**(തെംസ് നദിയോട്)**

ഈ വരികളിലെ കാവ്യഭംഗി വിവരിക്കുക.

7. "ഇങ്ങളെ കസ്റ്റത്തിലാക്ക്യിരിക്കും. നനഞ്ഞേടം കുയിച്ചൂടല്ലോ!"

**(വെളിച്ചത്തിന്റെ വിരലുകൾ)**

അടിവരയിട്ട ശൈലി വ്യക്തമാക്കുന്ന കഥാപാത്രത്തിന്റെ മനോഭാവം എന്ത്? അത് തെളിയിക്കുന്ന രണ്ട് സന്ദർഭം എഴുതുക.

8. ഭാഷാപരമായ ന്യൂനതകൾ പരിഹരിച്ച് വാക്യം മെച്ചപ്പെടുത്തുക.
'തന്റെ വാക്കും പ്രവൃത്തിയും തമ്മിലുള്ള അജഗജാന്തര വ്യത്യാസമോർക്കാതെയാണ് സമൂഹത്തിലും ഇന്നും പലരും ജീവിക്കുന്നത്.'

9. 'ആതിരവരുന്നേരമൊരുമിച്ചു കൈകൾ കോർ-
ത്തെതിരേൽക്കണം നമുക്കിക്കുറി വരും കൊല്ല-
മാരെന്നുമെന്തെന്നു,മാർക്കറിയാം!'

**(സഫലമീയാത്ര)**

ഇങ്ങനെ ചിന്തിക്കുന്നതിന് കവിയെ പ്രേരിപ്പിച്ചതെന്താവാം?

**10 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.**

**(4x4=16)**

10. " ഓരോ മനുഷ്യനും ജീവിക്കുന്നത് സ്വന്തമായ സംരക്ഷണം കൊണ്ടല്ല. സ്നേഹം കൊണ്ടാണ്. " **-ടോൾസ്റ്റോയ്**

ഈ വാക്യം മുൻനിർത്തി ഹസ്സന്റെയും ആമിനയുടെയും ജീവിതാനുഭവങ്ങളെ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

11. ആനയെവിട്ട് ആടിനെ വാങ്ങിയ നാണുക്കുട്ടിയുടെ പ്രവൃത്തി 'അറിയാത്തപിള്ള ചൊറിയുമ്പോളറിയും' എന്ന ചൊല്ലിന് ഉദാഹരണമായിത്തീരുന്നുണ്ടോ? പ്രതികരണക്കുറിപ്പു തയാറാക്കുക.

12. " അരവിന്ദേട്ടനെന്താ ഒരു മാതിരി? അയാളുവല്ലതും പറഞ്ഞതിനാണോ? അതു കാര്യാക്കണ്ട. അതിനുള്ളത് ഞാൻ നാളെ രാവിലെ അങ്ങോട്ടുപറഞ്ഞോളാം. അയാളെ ചീത്തവിളിക്കാനാണോ കാരണങ്ങളില്ലാത്തത്"

പ്രതിസന്ധിഘട്ടത്തിൽ കരുത്താർജ്ജിക്കുന്ന കഥാപാത്രമായി സുമന മാറുന്നത് എങ്ങനെയെന്ന് വിശദീകരിക്കുക..

13. "വയൽ താണ്ടി, കൊച്ചുകൈത്തോടു കടന്ന് ശങ്കരൻകുട്ടി ശാന്തമ്മയുടെ വീട്ടു പറമ്പിലൂടെ ഉത്സാഹത്തിൽ നടന്നു."

ശാന്തമ്മയുടെ വീടിനെക്കുറിച്ച് തിരക്കഥ നൽകുന്ന ഒരു സൂചനയാണിത്. അനുയോജ്യമായ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് കഥാപരിസരത്തെക്കുറിച്ച് (ലൊക്കേഷൻ) ലഘുകുറിപ്പു തയാറാക്കുക.

14. "മരക്കാർ ഇറങ്ങിനടന്നു. പടിവരെ മായനും പിന്നാലേ പോയി, ഒരു കൊച്ചു മോട്ടോർബോട്ട് വലിച്ചുകൊണ്ടുപോകുന്ന കെട്ടുവഞ്ചി പോലെ.

" ആ നീണ്ട കണ്ണുകളിലേക്ക് പ്രകാശം തിരിച്ചു വന്നു. അവ മഷിതട്ടിയ ദീപങ്ങളെപ്പോലെ പ്രകാശിച്ചു."

**(വെളിച്ചത്തിന്റെ വിരലുകൾ)**

ഈ രചനാരീതിയുടെ സവിശേഷതകൾ എന്തെല്ലാം? കഥാസന്ദർഭത്തിന് അത് എത്രമാത്രം അനുയോജ്യമാണ് ? സൂചനകൾ വിലയിരുത്തി കുറിപ്പു തയാറാക്കുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.**

**(2x6=12)**

15. 'ഉത്തരവാദിത്വബോധമില്ലാതെ കളിച്ചു നടന്ന ശങ്കരൻകുട്ടിയുടെ പുതിയ ജീവിതത്തിലേക്കുള്ള 'കൊടിയേറ്റ'മാണ് തിരക്കഥാസന്ദർഭം വ്യക്തമാക്കുന്നത്.' കൊടിയേറ്റമെന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി ലഘൂപന്യാസം തയാറാക്കുക.

16. ക്ഷമയുടെയും ആത്മവിശ്വാസത്തിന്റെയും പ്രതീകങ്ങളാണ് 'വെളിച്ചത്തിന്റെ വിരലു'കളിലെ ആമിനയും 'നാലിതൾപ്പൂവിലെ' കവിയും. ഇവരുടെ ജീവിതാനുഭവങ്ങൾ വിലയിരുത്തി കുറിപ്പ് തയാറാക്കുക.

17. വലുതിന്റെ പിന്നാലെ പോവുന്ന മനുഷ്യസ്വഭാവത്തെ പരിഹസിക്കുകയാണ് ' അജഗജാന്തരം' എന്ന കഥ - ഉചിതമായ സന്ദർഭങ്ങൾ കണ്ടെത്തി നിരൂപണം തയാറാക്കുക.